ഉത്തരം

(എ) 24.40 ഹെക്ടർ.

(ബി) 550 കോടി രൂപ.

(സി) 1566 കോടി രൂപ

റെയിൽവേ മന്ത്രാലയം കാട്ടുന്ന അവഗണന

74 (4656) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുകൂടി സർവ്വീസ് നടത്തുന്ന ട്രെയിനുകളുടെ ബോഗികൾ റിപ്പയറിംഗിനയച്ചാൽ പലപ്പോഴും അയച്ചതിനേക്കാൾ പഴയതോ ഗുണനിലവാര മാല്ലാത്തതോ ആയ ബോഗികളാണ് തിരിച്ചെത്തിക്കുന്നതെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) റിപ്പയറിംഗിനയച്ച മെമു വണ്ടി മുഴുവനായിത്തന്നെ മാറ്റിയതായും ഇതിനുപകരം പാസഞ്ചറായി ഓടിക്കൊണ്ടിരുന്ന ട്രെയിൻ, സർവ്വീസ് നടത്തുന്നതായ വസ്തുത കണക്കിലെടുത്തിട്ടുണ്ടോ ;

(സി) റെയിൽവേ മന്ത്രാലയം കേരളത്തോട് കാട്ടുന്ന ഈ അവഗണനയ്ക്കെതിരെ എന്തു നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70%നടുത്തോളം 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പയർ ചെയ്യുന്നതിനായുള്ള പിറിയോഡിക് ഓവർഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പയറിംഗിനായി ചെന്നൈയിലേക്ക് അയയ്ക്കുമ്പോൾ അവിടെനിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും മുൻപ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് 1-12-2012-ലും 17-2-2014-ലും സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു :

LIBRARY ARCHIVES Kerala Legislative Assembly

(i) 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണം.

(ii) തിരുവനന്തപുരത്തെയും എറണാകുളത്തെയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണം.

(iii) റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണം.

(iv) കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണം.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടു വന്നിട്ടുണ്ട്. ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്യുവരുന്നുണ്ടെന്നും 20 വർഷത്തിനുമുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്നമാത്രയിൽതന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്യുവരുന്നുണ്ടെന്നും കോച്ചുകളുടെ ഉണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുമുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും 3-6-2015-ൽ റെയിൽവേ അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly